"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭ - ശ്മശാന നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേട് - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ട് - ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ജയകൃഷ്ണനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1108/2025/LSGD   തീയതി,തിരുവനന്തപുരം, 03-05-2025

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 10.08.2021 തീയതിയിലെ ഇ19(പി.ഇ 02/2021/എസ്.ഐ.യു-1)6662/2020 നമ്പർ കത്തും അനുബന്ധ രേഖകളും.
2. 06.03.2024 തീയതിയിലെ ഇയു2/163/2022-തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ /പത്രിക.
3. ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ജയകൃഷ്ണൻ.കെ-യുടെ 24.05.2024 തീയതിയിലെ പ്രതിവാദ പത്രിക.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 08.03.2025 തീയതിയിലെ LSGD/PD/3129/2023-VIGA2 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിലെ കാച്ചാണി വാർഡിൽ ഈയ്യക്കുഴി പ്രദേശത്ത് 32.6 സെന്റ് സ്ഥലത്ത് ശ്മശാന നിർമ്മാണവുമായി ബന്ധപ്പെട്ട് ഹെൽത്ത് ഇൻസ്പെക്ടർമാർ കൈക്കൂലി വാങ്ങി കളവായ റിപ്പോർട്ട് സമർപ്പിച്ചു എന്നുള്ള ആരോപണത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പ്രാഥമിക അന്വേഷണം നടത്തി സമർപ്പിച്ച പരാമർശം (1) റിപ്പോർട്ടിൽ, തിരുവനന്തപുരം നഗരസഭയിലെ കാച്ചാണി വാർഡിൽ ഈയ്യക്കുഴി പ്രദേശത്ത് സെമിത്തേരി നിർമ്മിക്കുന്നതിനായി 10,000/- രൂപ വീതം കൈക്കൂലി വാങ്ങി കളവായ റിപ്പോർട്ട് നൽകി എന്നുള്ള ആരോപണത്തിൽ കഴമ്പുള്ളതായി കാണുന്നില്ലെന്നും സെമിത്തേരി നിർമ്മാണവുമായി ബന്ധപ്പെട്ട് വട്ടിയൂർക്കാവ് സോണൽ ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന ശ്രീമതി.സലീലാമ്മ വേണ്ടത്ര ജാഗ്രത കാണിക്കാതെ റിപ്പോർട്ട് സമർപ്പിച്ചതായും സെമിത്തേരി നിർമാണവുമായി ബന്ധപ്പെട്ട പരാതിയിൽ നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ജയകൃഷ്ണൻ.കെ അന്വേഷണത്തിൽ വേണ്ടത്ര ജാഗ്രത പുലർത്താതെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായും അറിയിക്കുകയുണ്ടായി. . ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന ശ്രീമതി.സലീലാമ്മ 2017- ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ടിയാളെ ഒഴിവാക്കി ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ജയകൃഷ്ണൻ.കെ-യ്ക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ ചെയ്തിരുന്നു.

2. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ജയകൃഷ്ണൻ.കെ-യിൽനിന്നും വിശദീകരണം ലഭ്യമാക്കാൻ നഗരകാര്യ ഡയറക്ടറോട് നിർദ്ദേശിക്കുകയും ടിയാന്റെ വിശദീകരണം തൃപ്തികരമല്ലാത്തതിനെ തുടർന്ന് ടിയാനെതിരെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ /പത്രിക നൽകുകയും ചെയ്തിരുന്നു. തുടർന്ന് ടിയാൻ പരാമർശം(3) പ്രകാരം പ്രതിവാദ പത്രിക ലഭ്യമാക്കുകയും ചെയ്തിരുന്നു.

3. തിരുവനന്തപുരം നഗരസഭ വട്ടിയൂർക്കാവ് സോണൽ ഓഫീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ആയി ജോലി നോക്കി വന്നിരുന്ന കാലയളവിൽ ലഭിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ കാച്ചാണി വാർഡിൽ ഈയ്യക്കുഴി ഭാഗത്ത് ശ്മശാന നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നതായും ടി സമയത്ത് വാസഗൃഹങ്ങൾ കണ്ടിരുന്നില്ലെന്നും മാത്രമല്ല പരാതിക്കാസ്പദമായ സ്ഥലത്തിന് ചുറ്റും മറ്റ് വിഭാഗക്കാരുടെയും ശ്മശാനങ്ങൾ സ്ഥിതി ചെയ്തിരുന്നതായും അപേക്ഷകൻ കോൺക്രീറ്റ് വാൾട്ട് ഉപയോഗിച്ചുള്ള ശ്മശാന

നിർമ്മാണം നടത്തുന്നതായാണ് അറിയിച്ചിരുന്നതെന്നും നിലവിൽ ടി വസ്തുവിലേക്ക് ഒരു വഴി മാത്രം ഉള്ളതായാണ് തന്റെ ശ്രദ്ധയിൽപ്പെടുത്തിയതെന്നും ആയതിൻ പ്രകാരം സത്യസന്ധമായ രീതിയിൽ ആണ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചതെന്നും ഇത് സംബന്ധിച്ച ആക്ഷേപം എന്തെങ്കിലും ഉണ്ടെങ്കിൽ നിശ്ചിത കാലയളവിനുള്ളിൽ അറിയിക്കണമെന്ന് കാണിച്ച് പത്രപരസ്യം നൽകിയിരുന്നതായും ലഭിച്ച പരാതികൾ പരിശോധിച്ചപ്പോൾ ആർക്കും സെമിത്തേരിയുടെ ദൂരപരിധിക്കുള്ളിൽ വീടുകൾ ഇല്ലായിരുന്നതായും ആയതിൻ പ്രകാരം റിപ്പോർട്ട് നൽകുകയാണുണ്ടായതെന്നും ടി വിഷയവുമായി ബന്ധപ്പെട്ട തുടർനടപടികളിൽനിന്നും തന്നെ ഒഴിവാക്കണമെന്നും ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ജയകൃഷ്ണൻ.കെ പ്രതിവാദ പത്രികയിൽ വിശദീകരിച്ചിരുന്നു.

4. തിരുവനന്തപുരം നഗരസഭയിലെ കാച്ചാണി വാർഡിൽ ഈയ്യക്കുഴി പ്രദേശത്ത് സെമിത്തേരി നിർമ്മിക്കുന്നതിനുള്ള നിർദ്ദിഷ്ട ഭൂമിയുടെ അതിർത്തിയോട് ചേർന്ന് ശ്രീ.അനീഷ് ജേക്കബ് ജോൺ എന്ന സ്വകാര്യ വ്യക്തിക്ക് വസ്തു ഉള്ള വിവരവും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 485(A) വകുപ്പ് പ്രകാരം നിർദ്ദിഷ്ട ഭൂമിയുടെ 50 മീറ്റർ ചുറ്റളവിൽ വാസഗൃഹം ഉണ്ടെന്നുള്ള വിവരവും കണ്ടെത്തി റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിന് സെമിത്തേരി നിർമ്മാണത്തിനുള്ള അനുമതിയ്ക്കായുള്ള അപേക്ഷയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് നൽകിയ വട്ടിയൂർക്കാവ് മേഖല ഓഫീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II ആയിരുന്ന ശ്രീ. ജയകൃഷ്ണൻ.കെ-യുടെ ഭാഗത്തുനിന്നും ജാഗ്രതക്കുറവ് ഉണ്ടായിട്ടുണ്ടെന്നും ടിയാനെതിരായ ആരോപണം നിലനിൽക്കുന്നതിനാൽ ടിയാൻ ശിക്ഷ അർഹിക്കുന്നുവെന്നും ആയതിനാൽ ടിയാനെതിരെ ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

5. തിരുവനന്തപുരം നഗരസഭയിലെ കാച്ചാണി വാർഡിൽ ഈയ്യക്കുഴി പ്രദേശത്ത് ശ്മശാന നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേടിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലും വട്ടിയൂർക്കാവ് മേഖല ഓഫീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II ആയിരുന്ന ശ്രീ. കെ ജയകൃഷ്ണൻ.കെ സമർപ്പിച്ച പ്രതിവാദ പത്രികയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചതിൽ സെമിത്തേരി നിർമ്മാണത്തിനുള്ള അനുമതിയ്ക്കായുള്ള അപേക്ഷയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചതിൽ ശ്രീ. കെ ജയകൃഷ്ണന്റെ ഭാഗത്തുനിന്നും ജാഗ്രതക്കുറവ് ഉണ്ടായിട്ടുള്ളതാണ് എന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II ആയിരുന്ന ശ്രീ. കെ ജയകൃഷ്ണൻ.കെ-യ്ക്കെതിരെ ആരംഭിച്ച അച്ചടക്കനടപടി ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. കെ ജയകൃഷ്ണൻ.കെ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II, തിരുവനന്തപുരം നഗരസഭ.
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ,തിരുവനന്തപുരം
വിജിലൻസ് വകുപ്പ്(30.04.2022 തീയതിയിലെ വിജി-ഡി1/315/2020-വിജി നമ്പർ കത്ത് പ്രകാരം).
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു2/163/2022-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 03-05-2025 13:35:08

സെക്ഷൻ ഓഫീസർ